(ബി) അരി റേഷൻ ഇനിയും വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

റീട്ടെയിൽ റേഷൻകടകൾ

848 [1305] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റീട്ടെയിൽ റേഷൻകടകൾ ഉണ്ട്;

(ബി) ഈ കടകൾ വഴിയായി 1975.76, 1976.77, 1977.78 കാലങ്ങളിൽ ഓരോ കൊല്ലവും എത്രടൺ അരിവീതം വിതരണം ചെയ്തു?

ഉത്തരം

(എ) 11775.

(ബി)

വർഷം	വിതരണം ചെയ്ത അരി
1975.76	5,88,121 ടൺ
1976.77	10,48,008 ,,
1977.78	- 12,71,154 ,,

കേന്ദ്രത്തിൽനിന്നും ലഭിച്ച അരിയും ഗോതമ്പും

849 [1306] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ സഹായമായി കേന്ദ്രത്തിൽനിന്ന് എത്ര ടൺ അരിയും ഗോതമ്പും കിട്ടി;

(ബി) ഇതിൽ ഉപയോഗിക്കുവാൻ പറ്റാത്ത എത്ര ടൺ അരിയും ഗോതമ്പും ഉണ്ടായിരുന്നു;

(സി) ഇതിൽനിന്ന് എത്ര ടൺ പാവങ്ങൾക്ക് വിതരണം ചെയ്തു;

(ഡി) എത്ര ടൺ കേന്ദ്രത്തിലേക്കു മടക്കി അയച്ചു;

(ഇ) ഉപയോഗിക്കുവാൻ പറ്റാത്ത അരി കേന്ദ്രം തന്നതെന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12500 ടൺ അരിയും 12500 ടൺ ഗോതമ്പും കേന്ദ്രത്തിൽ നിന്നും അലോട്ടു ചെയ്തു. ഗോതമ്പിനുപകരം അരി തന്നെ കിട്ടുന്നതിന് കേന്ദ്രഗവൺമെൻറിനോട് അപേക്ഷിച്ചതിൻറെ ഫലമായി ഗോതമ്പിൻറെ അലോട്ടുമെൻറ് റദ്ദാക്കി പകരം 12500 ടൺ അരി നൽകി. അങ്ങനെ ആകെ 25000 ടൺ അരി അലോട്ടു ചെയ്തിട്ടുണ്ട്.

(ബി) ഉപയോഗിക്കാൻ പറ്റാത്ത അരിയും ഗോതമ്പും എടുത്തിട്ടില്ല.

(സി, ഡി, ഇ) ഉദിക്കുന്നില്ല.

മണ്ണെണ്ണ കിട്ടുവാനുള്ള ബുദ്ധിമുട്ട്

850 [1307] ശ്രീ. സി. എ. കുര്യൻ:

,, വി. കെ. രാജൻ:

,, പി. ശങ്കർ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തിൻറെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് മലമ്പ്രദേശങ്ങളിൽ മണ്ണെണ്ണ കിട്ടുവാൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോംസെയിൽ ലൈസൻസികൾ യഥാകാലം മണ്ണെണ്ണ എടുക്കാത്തതാണ് അതിനു കാരണം എന്നുള്ളത് ശരിയാണോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ചില മലമ്പ്രദേശങ്ങളിൽ മണ്ണെണ്ണ കിട്ടുവാൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതെ. അങ്ങനെയുള്ളവരുടെ പേരിൽ അപ്പോഴപ്പോൾ നടപടികൾ എടുത്തിട്ടുണ്ട്. കൂടുതൽ ലൈസൻസികളെ നിയമിക്കാനും നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly